**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.700** — **02.12.2014 ൽ മറുപടിയ്ക്ക്**

## യുവജന നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ :**<br>**ശ്രീ. പി.സി.വിഷ്ണുനാഥ് :**<br>**ശ്രീ. വി.റ്റി. ബൽറാം:**<br>**ശ്രീ. ഹൈബി ഈഡൻ:** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) കേരളത്തിലെ എല്ലാ വിഭാഗം യുവജനങ്ങളുടെയും, സർവ്വതോമുഖമായ പുരോഗതി ലക്ഷ്യമാക്കി അവരുടെ ക്ഷേമവും - വികസനവും സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ 2013 മാർച്ച് 4 ന് യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) യുവജനങ്ങളുടെ ക്ഷേമത്തിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | (ബി) യുവജനങ്ങളുടെ ക്ഷേമത്തിനായി യുവജന നയത്തിൽ വിവിധ തരം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാഭ്യാസം, തൊഴിൽ, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, കായികം, കലാ-സാംസ്കാരികം എന്നീ മേഖലകളിലായാണ് പരിപാടികൾ നടപ്പിലാക്കുന്നത്. |
| (സി) യുവജന നയം നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (സി) യുവാക്കൾക്കിടയിൽ ദേശീയ ബോധവും ദേശസ്നേഹവും വളർത്തുന്നതിലേക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ്, എക്സൈസ് വകുപ്പുമായി ചേർന്ന് യുവ ജാഗ്രതാ യാത്ര, ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ, സി-ഡിറ്റുമായി ചേർന്ന് പി.എസ്.സി/ ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം, കൃഷി വകുപ്പുമായി ചേർന്ന് കാർഷിക വികസന പദ്ധതികൾ, പട്ടിക വർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ട്രൈബൽ ഫെസ്റ്റുകൾ, ടൂറിസം വകുപ്പുമായി ചേർന്ന് സാഹസിക പരിശീലന പരിപാടികൾ, വനം വകുപ്പ്, എൻ.എസ്.എസ് മായി ചേർന്ന് പരിസ്ഥിതി ദിനാചരണ പരിപാടികൾ, Entrepreneurship Development Institute of India മായി ചേർന്ന് സംരംഭകത്വ വികസന പരിപാടികൾ, കേരള ഫോക് ലോർ അക്കാദമിയുമായി ചേർന്ന് നാടൻ കലാമേളകൾ,ഐ.ആർ.സി.റ്റി.സിയുമായി ചേർന്ന് ഭാരത് ദർശൻ യാത്രകൾ, എൻ.എസ്.എസ് മായി |

ചേർന്ന് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, നോർക്ക റൂട്സുമായി ചേർന്ന് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ.എസ്.എസ് മായി ചേർന്ന് പുനർജനി, ജീവദായിനി, യുവ മാധ്യമ ശില്പശാല, ചിത്രരചനാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വനിതാ ശില്പശാല, ചലച്ചിത്ര ശില്പശാല, നാടക കളരി, സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം, യുവ നേതൃത്വ പരിശീലന ക്യാമ്പ്, യുവജനദിനാ ചരണം, പരിസ്ഥിതി ദിനാചരണം, എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ